## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2953

22.06.2012-ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ വിഭാഗങ്ങളും കേന്ദ്ര ആനുകൂല്യവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കെ. നാണു: | | | ശ്രീ. മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം മതവിഭാഗങ്ങളെയാണ് മതന്യൂനപക്ഷ വിഭാഗത്തിലുൾപ്പെടുത്തിയിരിക്കുന്നത്; | (എ) | ദേശീയ ന്യൂനപക്ഷ കമ്മീഷൻ ആക്ട് 1992 സെക്ഷൻ 2 (സി) പ്രകാരം മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി എന്നീ മതവിഭാഗങ്ങളെയാണ് മത ന്യൂനപക്ഷ വിഭാഗത്തിലുൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഭാഷാന്യൂനപക്ഷങ്ങളെയും ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | ഭരണഘടനാനുസൃതമായി ഭാഷാ ന്യൂനപക്ഷങ്ങളും ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടും. |
| (സി) | മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കേന്ദ്ര ആനുകൂല്യങ്ങൾ സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്കും ലഭിക്കുന്നുണ്ടോഎന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ? | (സി) | ഇല്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഒ.ബി.സിയ്ക്ക് നൽകി വരുന്നതായ എല്ലാ ആനുകൂല്യങ്ങൾക്കും പിന്നാക്ക ന്യൂനപക്ഷങ്ങൾക്കും അർഹതയുണ്ട്. അതാത് ഗുണഭോക്താക്കളാണ് ഇതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തേണ്ടത്. |

സെക്ഷൻ ആഫീസർ.